# Class-2




BIJU KK,GHSS TUVVUR, MALAPPURAM

# നിസ്സഹകരണ പ്രസ്ഥാനം നിർത്തിവെക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സാഹചര്യം വ്യക്തമാക്കുക.

## ചൗരിചൗരാ സംഭവം

–ഉത്തർപ്രദേശിലെ ചൗരിചൗരാ എന്ന ഗ്രാമത്തിൽ ജനങ്ങൾക്ക നേരെ പോലീസ് വെടിവെച്ചതിൽ രോഷാകുലരായ ജനങ്ങൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് തീയിട്ടതിൽ 22 പോലീസുകാർ കൊല്ലപ്പെട്ട സംഭവമാണ് ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തി വയ്ക്കാൻ പ്രേരിപ്പിച്ചത്.

1929 ൽ ലാഹോറിൽ വെച്ച് ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ കൈകൊണ്ട പ്രധാനപ്പെട്ട തീരുമാനങ്ങൾ ഏവ?

-ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്തിമലക്ഷ്യം പൂർണ്ണസ്വരാജ് (സമ്പൂർണ്ണ സ്വാതന്ത്ര്യം) ആണെന്ന് ഈ സമ്മേളനം പ്രഖ്യാപിച്ചു.

-ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു.

-ബ്രിട്ടീഷുകാരുടെ ജനവിരുദ്ധമായ സിവിൽ നിയമങ്ങൾ ലംഘിക്കുക എന്നതായിരുന്നു സിവിൽ നിയമലംഘന സമരം കൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത്.

PLAY

# സിവിൽ നിയമലംഘന സമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവെച്ച ആശയങ്ങൾ ഏവ?

-ഉപ്പ് നികുതി എടുത്തുകളയുക.
-കൃഷിക്കാർക്ക് 50 ശതമാനം നികുതി ഇളവ് നൽകുക.
-വിദേശ വസ്തുങ്ങളുടെ ഇറക്കുമതിക്ക് ചുമത്തുന്ന നികുതി വർദ്ധിപ്പിക്കുക.
-രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക.
-സൈനിക ചെലവും ഉയർന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും വെട്ടിക്കുറയ്ക്കുക.
-ഇന്ത്യാക്കാരെ നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ചുവിടുക.
-തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക.
-സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കുക.

# ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങളെന്തെല്ലാം?

–ബ്രിട്ടീഷ് സർക്കാരിന്റെ നികുതിവരുമാനത്തിൽ അഞ്ചിൽ രണ്ടു ഭാഗവും ഉപ്പിൻ മേൽ ചുമത്തുന്ന നികുതിയായിരുന്നു.

–ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു.

–തദ്ദേശീയരായ ചെറുകിട ഉപ്പ് ഉൽപാദകർക്ക് ഉപ്പു ഉണ്ടാക്കുന്നതിൽ ബ്രിട്ടീഷുകാർ നിരോധനം ഏർപ്പെടുത്തി.

–ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു.

–സാധാരണക്കാരെ ഉണർത്താൻ ഉതകുന്ന ഒരു മുദ്രാവാക്യമായിരുന്നു ഇത്.

## നിയമലംഘന സമര കാലഘട്ടത്തിൽ ഗാന്ധിജിയുടെ ആഹ്വാനം ഏറ്റെടുത്ത ജനങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾ ഏവ?

-ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉപ്പ് കുറുക്കി ജനങ്ങൾ നിയമലംഘനത്തിൽ പങ്കാളികളായി.

-കേരളത്തിൽ പയ്യന്നൂർ, തമിഴ്നാട്ടിൽ വേദാരണ്യം, മഹാരാഷ്ട്രയിൽ ബോംബെ, ബംഗാളിൽ സഖാലി, വടക്കുപടിഞ്ഞാറൻ അതിർത്തി പ്രദേശം തുടങ്ങിയ നിയമലംഘന സമരത്തിന്റെ പ്രധാന കേന്ദ്രങ്ങളായി.

-സമര വോളന്റിയർമാർ ഉപ്പുണ്ടാക്കി ജനങ്ങൾക്ക് വിതരണം ചെയ്തു.

–ദേശീയപതാക ഉയർത്തി
–ബ്രിട്ടീഷ് വിരുദ്ധ മുദ്രാവാക്യം വിളിച്ചു.
–ഗുജറാത്തിലെ ധരാസന ഉപ്പു നിർമ്മാണ ശാലയിൽ സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ സത്യഗ്രഹം നടന്നു.
–സത്യാഗ്രഹികളെ ബ്രിട്ടീഷുകാർ നിഷ്ഠൂരമായി നേരിട്ടു.
–ഗാന്ധിജിയെ അറസ്റ്റ് ചെയ്തു.
–സമരത്തെ ബ്രിട്ടീഷുകാർ ക്രൂരമായി അടിച്ചമർത്തി.



## വട്ടമേശസമ്മേളനങ്ങൾ

ഇന്ത്യയിൽ നടപ്പിൽ വരുത്തേണ്ട ഭരണപരിഷ്കാരങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനായി ബ്രിട്ടീഷ് ഗവൺമെന്റ് ലണ്ടനിലെ ജയിംസ് പാലസിൽ 1930, 1931, 1932 എന്നീ വർഷങ്ങളിൽ മൂന്ന് വട്ടമേശ സമ്മേളനങ്ങൾ വിളിച്ചുചേർത്തു. രണ്ടാം വട്ടമേശസമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ പ്രതിനിധീകരിച്ച് ഗാന്ധിജി പങ്കെടുത്തു.

# എന്താണ് ക്വിറ്റ് ഇന്ത്യ സമരം?

play

എല്ലാ അധികാരങ്ങളും ഇന്ത്യയ്ക്ക് കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ ഒരു സമരമായിരുന്നു ക്വിറ്റിന്ത്യ സമരത്തിലൂടെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിഭാവനം ചെയ്തത്.

# ക്വിറ്റ് ഇന്ത്യാസമരത്തിന് കാരണമായ ഘടകങ്ങൾ ഏവ?

- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം.
- വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി.
- രണ്ടാംലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടും എന്ന തോന്നൽ.

BIJU KK, GHSS TUVVUR, MALAPPURAM

# ക്വിറ്റ് ഇന്ത്യസമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു?

-നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.

-കർഷകർ ഭൂനികുതി കൊടുക്കരുത്.

-സർക്കാർ ജീവനക്കാർ രാജിവെക്കാതെ ദേശീയ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.

-പട്ടാളക്കാർ സ്ഥാനങ്ങൾ വെടിയാതെ സ്വന്തം ആൾക്കാർക്ക് നേരെ വെടിവയ്ക്കാൻ വിസമ്മതിക്കണം.

-സ്വാതന്ത്ര്യപ്രാപ്തിവരെ പിടിച്ചു നിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം.

BIJU KK,GHSS TUVVUR, MALAPPURAM

# ക്വിറ്റ് ഇന്ത്യാസമരത്തിന്റെ ഭാഗമായി സമരാനുകൂലികൾ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാം?

-ബ്രിട്ടീഷുകാർ ക്വിറ്റ് ഇന്ത്യ സമരത്തെ ക്രൂരമായി നേരിട്ടു.

-ഗാന്ധിജി അടക്കമുള്ള നേതാക്കളെ അറസ്റ്റ് ചെയ്തു.

-ജനങ്ങൾ പലയിടങ്ങളിലും ഗവൺമെൻറ് കെട്ടിടങ്ങൾ, ഇലക്ട്രിക് ലൈനുകൾ, ഗതാഗതമാർഗങ്ങൾ തുടങ്ങിയവ തകർത്തു.

-1942 അവസാനിക്കുമ്പോൾ ഇന്ത്യയാകെ ബ്രിട്ടീഷ് വിരുദ്ധസമരത്തിന്റെ തീച്ചൂളയായിമാറി.

# THANK YOU

# By


# BIJU KK, GHS TUVVUR, MALAPPURAM
# 9895695437, 8075512478